

# ചാത്തക്കുടം

# ശ്രീധർമ്മശാസ്താ ക്ഷേത്രം

കൊച്ചിൻ ദേവസ്വം ബോർഡ്



## ചാത്തക്കുടം തിരുവാതിര പുറപ്പാട്

2025 ഏപ്രിൽ 4 (1200 മീനം 21 ) വെള്ളിയാഴ്ച



**1443–ാമത് പെരുവനം–ആറാട്ടുപുഴ പൂരം**

# ബ്യൂട്ടി





## ഫ്ളവർ മാർട്ട്

**BEAUTY FLOWER MART**

**FRESH FLOWERS WHOLESALE & RETAIL**

**Perumbillissery**
**9447457039**

**East Fort, Thrissur**
**9961791039**

**Dinesh: 9745633088  Suresh: 7510455866**





ഭക്തജനങ്ങളെ,

മനുഷ്യരും പ്രകൃതിയും മുപ്പത്തിമുക്കോടി ദേവഗണങ്ങളും യക്ഷ കിന്നര ഭൂതഗണങ്ങളും ഇഴചേർന്നു കൊണ്ടാടുന്ന പെരുവനം ഗ്രാമോത്സവമായ നമ്മുടെ ദേവമേള 1442 ആണ്ടുകൾ പിന്നിട്ടു നിൽക്കുമ്പോൾ, അതിശയോക്തി ഒട്ടും തന്നെയില്ലാതെ നമുക്ക് പറയാൻ സാധിക്കും, പ്രപഞ്ചമെന്ന മഹാശക്തി സമന്വയിപ്പിയ്ക്കുന്ന മഹോത്സവമാണ് നമ്മുടെ പെരുവനം-ആറാട്ടുപുഴ പൂരങ്ങളെന്ന്.

വൈവിധ്യവും ഭക്തിനിർഭരവുമായ ആചാരാനുഷ്ഠാനങ്ങളാൽ സമ്പന്നമായ ഓരോരോ ദേശങ്ങളിലേയും എഴുന്നെള്ളിപ്പുകളും അപൂർവ്വമായ ചടങ്ങുകളും ഒന്നിനൊന്നു വേറിട്ടുനിൽക്കുമ്പോഴും പെരുവനം എന്ന സാംസ്ക്കാരിക പൈതൃകത്തനിമയുടെ കീഴിൽ നാം ഗ്രാമവാസികളെല്ലാം മഹത്തായ പാരമ്പര്യം കയ്യാളുന്ന ഒരേ കുടുംബക്കാരാണ്, ഒറ്റക്കെട്ടാണ്. അത് തന്നെയാണ് മഹത്തരമായ ഇത്തരം ഉത്സവങ്ങളുടെ കാതലായ സന്ദേശവും.

ഉത്സവങ്ങളും ആഘോഷങ്ങളും അതിന്റെ നടത്തിപ്പുമെല്ലാം പല വർഷങ്ങളിലും പലപല പ്രതിസന്ധികളും നേരിടുന്ന ഈ കലികാലത്തിൽ നമ്മുടെ കൂട്ടായ്മകളുടെ ഓരോ വിജയങ്ങളും, അതായത് ഓരോ പൂരക്കാലവും നമുക്ക് അഭിമാനിക്കാവുന്നതാണ്. അത് വരും തലമുറകൾക്കു പ്രചോദനവുമാണ്.

ഗ്രാമരക്ഷകനായ ചാത്തക്കുടം ശ്രീ ധർമ്മശാസ്താവിന്റെ പൂരാഘോഷങ്ങൾ ഇക്കൊല്ലവും പതിവിനേക്കാൾ ഗംഭീരമായി ആഘോഷിക്കുവാൻ ഭക്തജനങ്ങളും നാട്ടുകാരും, ഉത്സവാഘോഷകമ്മറ്റിയും ചേർന്ന് തീരുമാനിച്ചു കഴിഞ്ഞു. നല്ലവരായ നിങ്ങളുടെ സഹകരണം ഒന്നുകൊണ്ടുമാത്രമാണ് ഇക്കാലങ്ങളിലൊക്കെയും നമ്മുടെ പൂരങ്ങൾ അതിഗംഭീരമായി നടത്തി വരുവാൻ സാധിച്ചത്. തുടർന്നും നിങ്ങളുടെ ഓരോരുത്തരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഞങ്ങൾ തയ്യാറെടുപ്പുകൾ തുടങ്ങട്ടെ.



ചാത്തക്കുടം ഉത്സവാഘോഷകമ്മറ്റി


പ്രസിഡണ്ട്
കെ. വാസപ്പൻ
8589096798

സെക്രട്ടറി
ശ്രീകുമാർ കെ.യു.
9790804266

ട്രഷറർ, ദേവസ്വം ഓഫീസർ
യു. അനിൽകുമാർ
9947767187

വൈസ് പ്രസിഡണ്ട്
വേണുഗോപാൽ ടി.
9605018862

ജോ. സെക്രട്ടറി
സുബിൻ സി.
7510335302, 9495005302


SCAN & PAY

MERCHANT NAME:
CHATHAKUDAM ULSAVAGHOSHA COMMITTEE

*Donation may be sent to :-*

DD/CHEQUE - SECRETARY
Current Account : Chathakudam Ulsavaghosha Committee
A/C No:- 43760969843, IFSC :- SBIN0008684
State Bank of India, Branch : Vallachira
UPI ID :- chathakudam@sbi



പതിയട്ടെ
മനസ്സിൽ
പതിയാറ

കാണാനേഴഴകുള്ളതും
കാലങ്ങളോളം
നിലനിൽക്കുന്നതുമായ
ഇന്ത്യനും വിദേശിയുമായ
ബ്രാൻഡഡ് ടൈൽസ് &
സാനിറ്ററിസുകളുടെ
വിസ്മയ ശേഖരം



പതിയാറയിൽ നിന്നും
സാധാരണക്കാരുടെ ബഡ്ജറ്റിൽ
ബ്രാൻഡഡ് ടൈൽസ് വാങ്ങാം

EMI AVAILABLE

PATHIYARA
Tiles & Sanitaries

H.O: Opp.CSC Bank, Perumbilissery, Cherpu
Branch: Opp. Hotel Savera Park, Urakam
9387106337, 8547456337, 04872961066
pathiyara123@gmail.com

Kajaria · orientbell tiles · ACCORD GLAMOUR DE MARBELLA · star sanitaryware &bathware · RAK · Simpolo ceramics · CERA · weber SAINT-GOBAIN

SINCE 1970

SHOP : 0487 2342661
RES : 0487 2342901
MOB : 9446488661
Email : powerlines661@yahoo.co.in

POWERLINES
MAIN ROAD CHERPU, 680561
CONTRACTORS & ENGINEERERS



Dealers : Electricals, Sanitaries & Home Appliances Etc.

MOB : 7025762661

POWERLINES
AGENCIES
MAIN ROAD CHERPU, 680561

UP TO 50% OFF





# തിയ്യതിയും സമയക്രമങ്ങളും

**03–04–2025 വ്യാഴം – മകീര്യം**
**വൈകീട്ട് – 6.30**

### പൂരം കൊടിയേറ്റം ചമയദ്രവ്യ സമർപ്പണം

ദേശത്തെ ആശാരിയുടെ നേതൃത്വത്തിൽ ഭക്തർ തലയോടുകൂടിയ കവുങ്ങ് മുറിച്ചു ക്ഷേത്രത്തിൽ കൊണ്ടുവരുന്നു. തുടർന്ന് ദീപാരാധനയ്ക്ക് ശേഷം കൊടികയറുന്നു. കഴകം വാരിയർ കൊടിക്കൽ പറ നിറക്കുന്നു. അടിയന്തിരമാരാർ ശംഖ് വിളിച്ച് പൂരം കൊട്ടിവെക്കുന്നു. ശാസ്താവിന്റെ പൂരങ്ങൾക്ക് ആവശ്യമായ ആനചമയങ്ങൾ, എണ്ണ, വെളിച്ചെണ്ണ, മറ്റുദ്രവ്യങ്ങൾ ഭക്തർ ശാസ്താവിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു.

---

**04–04–2025 വെള്ളി – തിരുവാതിര**
**വൈകീട്ട് – 8.30 മുതൽ 1 മണി വരെ**

### തിരുവാതിര പുറപ്പാട്

വൈകീട്ട് തൈക്കാട്ടുശ്ശേരി ഭഗവതിയും ചക്കംകുളങ്ങര ശാസ്താവും ചാത്തകുടത്ത് എളുന്നെള്ളിച്ചെത്തുന്നു. തുടർന്ന് ഇരു ദേവീദേവന്മാരും ചേർന്ന് ശാസ്താവിനെ പുറത്തേയ്ക്ക് എഴുന്നെള്ളിക്കുന്നു. ചുറ്റമ്പലത്തിനകത്ത് അടന്തമേളം ദേവീദേവന്മാർക്ക് ഉപചാരം. ശാസ്താവിനെ ഭക്തജനങ്ങൾ നിറപറ വച്ച് സ്വീകരിക്കുന്നു. തുടർന്ന് പ്രസിദ്ധമായ പഞ്ചാരിമേളം.

7 ഗജവീരന്മാർ അണിനിരക്കുന്നു.

പഞ്ചാരിമേളം പ്രമാണം – **ശ്രീ. പെരുവനം പ്രകാശൻ മാരാർ**

---

**05–04–2025 ശനി – പുണർതം**
**രാവിലെ 2 മണിക്ക്**

### ഇറക്കിപൂജ

ഊരായ്മ മനയായ കടലാശ്ശേരി ദേശമംഗലം അവണാവ് മനയിൽ ഇറക്കി പൂജ

---

**രാവിലെ – 7.00 മണിക്ക്**

### പറ

എടക്കുന്നി തെക്കിനിയേടത്ത് മനയിൽ പറ

**സ്ഥലം : എടക്കുന്നി**

---

**രാവിലെ – 8.00 മണിക്ക്**

### മരത്താക്കര ചാലിടൽ പറ

**സ്ഥലം : കണ്ടംകാവിൽ തറവാട്, മരത്താക്കര**

---

**ഉച്ചക്ക് 2 മണിക്ക്**

### തൈക്കാട്ടുശ്ശേരി പൂരം, കൂട്ടി എഴുന്നെള്ളിപ്പ്

ചാത്തക്കുടം ശാസ്താവ്, തൊട്ടിപ്പാൾ ഭഗവതി, ആറാട്ടുപുഴ ശാസ്താവ്, നാങ്കുളം ശാസ്താവ്, എടക്കുന്നി ഭഗവതി, ചക്കംകുളങ്ങര ശാസ്താവ്, ചിറ്റിച്ചാത്തക്കുടം ശാസ്താവ്

**സ്ഥലം : തൈക്കാട്ടുശ്ശേരി ക്ഷേത്രം**

---

**വൈകീട്ട് 4.00 മണിക്ക്**

### ചാത്തക്കുടം പുണർതം ദേവസംഗമം

ചാത്തക്കുടം ശാസ്താവ്, പിഷാരിക്കൽ ഭഗവതി, ആറാട്ടുപുഴ ശാസ്താവ്, തൊട്ടിപ്പാൾ ഭഗവതി

**സ്ഥലം : ചാത്തക്കുടം ക്ഷേത്രം**



# തിയ്യതിയും സമയക്രമങ്ങളും

**05 – 04 – 2025 ശനി – പുണർതം**
**രാത്രി 9 മണിക്ക്**

### ഇറക്കിപൂജ

തന്ത്രി ഇല്ലമായ തെക്കേടത്ത് പെരുമ്പടപ്പ് മനയ്ക്കൽ ഇറക്കിപൂജ

---

**രാത്രി 12 മണിക്ക്**

### നറുകുളങ്ങര ആറാട്ട്

**ഉപചാരം** – ചാത്തക്കുടം ശാസ്താവ്, ഊരകത്തമ്മതിരുവടി
**പങ്കെടുക്കുന്ന ദേവീദേവന്മാർ : ചാത്തക്കുടം ശാസ്താവ്, ഊരകത്തമ്മതിരുവടി, പിഷാരിക്കൽ ഭഗവതി, ചേർപ്പ് ഭഗവതി, ആറാട്ടുപുഴ ശാസ്താവ്**
**സ്ഥലം : നറുകുളങ്ങര ക്ഷേത്രം**

---

**06 – 04 – 2025 ഞായർ**
**വെളുപ്പിന് 2 മണിക്ക്**

### ചക്കംകുളങ്ങര പുണർതം വിളക്ക്

ചക്കംകുളങ്ങര ശാസ്താവ്, ചാത്തക്കുടം ശാസ്താവ്, ചിറ്റിച്ചാത്തക്കുടം ശാസ്താവ്, എടക്കുന്നി ഭഗവതി, തൈക്കാട്ടുശ്ശേരി ഭഗവതി
**സ്ഥലം : ചക്കംകുളങ്ങര ശാസ്താക്ഷേത്രം**

---

**06 – 04 – 2025 ഞായർ – പൂയ്യം**
**രാവിലെ 7 മണിക്ക്**

### പറ

തലവണിക്കര പറ - അവണാളി വീട്
ചിറ്റിശ്ശേരി പാലിയേക്കര മഠത്തിൽ പറ

---

**വൈകീട്ട് 6 മണി മുതൽ**
**10.40 വരെ**

### പെരുവനം പൂരം

തന്ത്രി ഇല്ലമായ വടക്കേടത്ത് പെരുമ്പടപ്പ് മനയിലെ ഇറക്കി എഴുന്നെള്ളിപ്പിനുശേഷം നറുകുളങ്ങരയിൽ നിന്ന് വൈകീട്ട് 6 മണിക്ക് എഴുന്നെള്ളിക്കുന്നു.
**ചാത്തക്കുടം ശാസ്താവും തൊട്ടിപ്പാൾ ഭഗവതിയും എഴുന്നെള്ളിച്ച്** നിൽക്കുമ്പോൾ ചരിത്ര പ്രസിദ്ധമായ കയറ്റപഞ്ചാരിമേളം തുടങ്ങുന്നു. (7 ഗജവീരന്മാർ അണിനിരക്കുന്നു.)
മേളപ്രമാണം **ശ്രീ. പെരുവനം പ്രകാശൻ മാരാർ**
**സ്ഥലം : പെരുവനം നടവഴി**

---

**വൈകീട്ട് 11.30 മുതൽ**
**വെളുപ്പിന് 3 വരെ**

### ഊരകത്തമ്മതിരുവടിയുടെ എഴുന്നെള്ളിപ്പ്

പങ്കെടുക്കുന്ന ദേവീദേവന്മാർ :
**ഊരകത്തമ്മ തിരുവടിയും ചാത്തക്കുടം ശാസ്താവും**
**സ്ഥലം : പെരുവനം നടവഴി**

---

**07 – 04 – 2025 തിങ്കൾ – ആയില്യം**
**രാവിലെ 10 മണിക്ക്**

### ഉപചാരം

ഊരകത്തമ്മതിരുവടി, ആറാട്ടുപുഴ ശാസ്താവ്, ചാത്തക്കുടം ശാസ്താവ്
**സ്ഥലം : ഊരകം ക്ഷേത്രം**

---

**വൈകീട്ട് 10 മുതൽ**
**വെളുപ്പിന് 1 വരെ**

### പിടിക്കപ്പറമ്പ് പൂരം

ചാത്തക്കുടത്ത് വലിയപാണിക്ക് ശേഷം പിടിക്കപ്പറമ്പ് പൂരത്തിന് ചാത്തക്കുടം ശാസ്താവ് എഴുന്നെള്ളുന്നു. തുടർന്ന് പഞ്ചാരിമേളം, നിലപാടുതറയിൽ ഇരട്ടയപ്പനെ സങ്കല്പിച്ച് മൂന്ന് ഉപചാരം പിടിക്കപ്പറമ്പ് ക്ഷേത്രത്തിൽ ഇറക്കി പൂജ, ഉപ്പുമാങ്ങ നിവേദ്യം **സ്ഥലം : പിടിക്കപ്പറമ്പ് ക്ഷേത്രം**

## ചാത്തക്കുടം ശാസ്താവിന്റെ 1443–ാമത് പെരുവനം ആറാട്ടുപുഴ പൂരം



# തിയ്യതിയും സമയക്രമങ്ങളും

**07–04–2025 തിങ്കൾ – ആയില്യം**
**രാത്രി 11 മണിക്ക്**

### ഇറക്കിപൂജ

ഊരകത്തമ്മതിരുവടി ചാത്തക്കുടം ക്ഷേത്രത്തിൽ ഇറക്കിപൂജ

**സ്ഥലം : ചാത്തക്കുടം ക്ഷേത്രം**

---

**08–04–2025 ചൊവ്വ – മകം**
**രാവിലെ 8 മണിക്ക്**

### പിടിക്കപ്പറമ്പ് ആനയോട്ടം

**ചാത്തക്കുടം ശാസ്താവ് നിലപാടുതറയിൽ എഴുന്നെള്ളി നിൽക്കുന്നു.**

ചേർപ്പ് ഭഗവതിയെയും ഊരകത്തമ്മതിരുവടിയെയും എഴുകണ്ടം വരെ യാത്രയാക്കുന്നു. തുടർന്ന് നെട്ടിശ്ശേരി ശാസ്താവിന് ഉപചാരം, തുടർന്ന് ആനയോട്ടം - എടക്കുന്നി ഭഗവതി, തൈക്കാട്ടുശ്ശേരി ഭഗവതി, തൊട്ടിപ്പാൾ ഭഗവതി, ചക്കംകുളങ്ങര ശാസ്താവ്, മേടംകുളങ്ങര ശാസ്താവ്, ചിറ്റിച്ചാത്തക്കുടം ശാസ്താവ്, നാങ്കുളം ശാസ്താവ്, കോടന്നൂർ ശാസ്താവ് എന്നീ ദേവീദേവന്മാർ ആനയോട്ടത്തിൽ പങ്കെടുക്കുന്നു തുടർന്ന് ആറാട്ടുപുഴ ശാസ്താവിന് ഉപചാരം ചൊല്ലി പിരിയുന്നു. തുടർന്ന് ഇരട്ടയപ്പനെ സങ്കല്പിച്ച് മൂന്ന് ഉപചാരം

---

**09–04–2025 ബുധൻ – പൂരം**
**രാവിലെ 5.30ന്**

### പട്ട്ണിശംഖ്

**സ്ഥലം : ചാത്തക്കുടം ക്ഷേത്രം കിഴക്കേ നട**

---

**രാവിലെ 7 ന്**

### പാഴായി പറ

**പാഴായി കോപ്പാട്ടിൽ തറവാട്ടിൽ പറ**, കിഴോട്ടുകര മനയിൽ ഇറക്കിപൂജ, പിഷാരിക്കൽ ക്ഷേത്രത്തിൽ ഉപചാരം.

**പങ്കെടുക്കുന്ന ദേവീദേവന്മാർ : ചാത്തക്കുടം ശാസ്താവ്, പിഷാരിക്കൽ ഭഗവതി, ആറാട്ടുപുഴ ശാസ്താവ്, തൈക്കാട്ടുശ്ശേരി ഭഗവതി, ചിറ്റിച്ചാത്തകുടം ശാസ്താവ്,** കരോളിൽ മനയിൽ പറ

---

**ഉച്ചതിരിഞ്ഞ് 2 മണിക്ക്**

### തൊട്ടിപ്പാൾ ഇടവഴി പൂരം

(ചാത്തക്കുടം ശാസ്താവ്, ആറാട്ടുപുഴ ശാസ്താവ്)

**സ്ഥലം : തൊട്ടിപ്പാൾ ഭഗവതിക്ഷേത്രം**

---

**ഉച്ചതിരിഞ്ഞ് 3 മണിക്ക്**

### കാപ്പുകെട്ട്

(ചാത്തക്കുടം ശാസ്താവും, തൊട്ടിപ്പാൾ ഭഗവതിയും)

**സ്ഥലം : തൊട്ടിപ്പാൾ ഭഗവതിക്ഷേത്രം**

---

**ഉച്ചതിരിഞ്ഞ് 3.30ന്**

### ഉപചാരം

**പങ്കെടുക്കുന്ന ദേവീദേവന്മാർ** : തൊട്ടിപ്പാൾ ഭഗവതി, തൈക്കാട്ടുശ്ശേരി ഭഗവതി, പിഷാരിക്കൽ ഭഗവതി, മാട്ടിൽ ശാസ്താവ്, ആറാട്ടുപുഴ ശാസ്താവ്, ചിറ്റിച്ചാത്തകുടം ശാസ്താവ്, ചാത്തക്കുടം ശാസ്താവ്

**സ്ഥലം : തൊട്ടിപ്പാൾ ഭഗവതിക്ഷേത്രം**

## ചാത്തക്കുടം ശാസ്താവിന്റെ 1443–ാമത് പെരുവനം ആറാട്ടുപുഴ പൂരം



# തിയ്യതിയും സമയക്രമങ്ങളും

**09–04–2025 ബുധൻ – പൂരം**
**ഉച്ചതിരിഞ്ഞ് 4.00ന്**

**ഉപചാരം**
**ആറാട്ടുപുഴ പൂരം തുടങ്ങുവാൻ ചാത്തക്കുടം ശാസ്താവ് ആറാട്ടുപുഴ ശാസ്താവിന് അനുവാദം നൽകുന്നു.**
**സ്ഥലം : ആറാട്ടുപുഴ ക്ഷേത്രം**

---

**രാത്രി 11.00 മുതൽ**
**3.00 വരെ**

**ആറാട്ടുപുഴ പൂരം**
ചാത്തക്കുടം ശാസ്താവിന്റെ പൂരം എഴുന്നെള്ളിപ്പ്. (**ചാത്തക്കുടം ശാസ്താവും തൊട്ടിപ്പാൾ ഭഗവതിയും**) തുടർന്ന് നിലപാട് തറയിൽ ചാത്തക്കുടം ശാസ്താവ്, ആറാട്ടുപുഴ ശാസ്താവ്, എടക്കുന്നി ഭഗവതി എന്നിവർ ചേർന്ന് പട്ടണിശംഖ് ശേഷം ചാത്തക്കുടം ശാസ്താവ് ആറാട്ടുപുഴ പൂരത്തിന് നിലപാട് നിൽക്കുന്നു. (7 ഗജവീരന്മാർ അണിനിരക്കുന്നു. **സ്ഥലം : ആറാട്ടുപുഴ ക്ഷേത്രം**
**(മേളപ്രമാണം : ശ്രീ. പെരുവനം പ്രകാശൻ മാരാർ)**

---

**10–04–2025 വ്യാഴം – ഉത്രം**
**രാവിലെ 5 മണി മുതൽ 7.30 വരെ**

**വൈകുണ്ഠദർശനം (കൂട്ടി എഴുന്നെള്ളിപ്പ്)**
**തൃപ്രയാർ തേവർ, ചാത്തക്കുടം ശാസ്താവ്, ഊരകത്തമ്മ തിരുവടി, ചേർപ്പ് ഭഗവതി**
**സ്ഥലം : ആറാട്ടുപുഴ**

---

**വൈകീട്ട് 6.30ന്**

തിരുവുള്ളക്കാവ് ശാസ്താവിന് കടലാശ്ശേരി ദേശമംഗലം അവണാവ് മനയ്ക്കൽ ഇറക്കിപൂജ, തുടർന്ന് ചാത്തക്കുടത്തേയ്ക്ക് എഴുന്നെള്ളിക്കുന്നു.
**സ്ഥലം : അവണാവ് മന, കടലാശ്ശേരി**

---

**11–04–2025 വെള്ളി – അത്തം**
**വെളുപ്പിന് 12ന്**

**ഗ്രാമബലി**
ചാത്തക്കുടം, തിരുവുള്ളക്കാവ് ശാസ്താക്കൻമാർക്ക് ശീവേലി, തുടർന്ന് വലിയപാണി, ഒരേ ആനപ്പുറത്ത് ഗ്രാമബലി
**സ്ഥലം : ചാത്തക്കുടം ക്ഷേത്രം**

---

**ഉച്ചക്ക് 1 മണി**

**പെരുവനം പകൽപൂരം**
ചാത്തക്കുടം ശാസ്താവ്, തിരുവുള്ളക്കാവ് ശാസ്താവ് ഒരാനപ്പുറത്ത് ഊരകത്തമ്മത്തിരുവടി, പിഷാരിക്കൽ ഭഗവതി, തുടർന്ന് പട്ടണി ശംഖ്
**സ്ഥലം : പെരുവനം ക്ഷേത്രം**

---

**വൈകീട്ട് 3 മണി**

**തിരുവുള്ളക്കാവ് ക്ഷേത്രം കൊടികുത്ത്**
9 പ്രദക്ഷിണത്തിനുശേഷം ഇറക്കി എഴുന്നെള്ളിപ്പ്. ചാത്തക്കുടം ശാസ്താവിന്റെ ഗജവീരൻ തിരുവുള്ളക്കാവ് ക്ഷേത്രത്തിലെ കൊടികുത്തുന്നു.

---

**വൈകീട്ട് 4 മണി**

ചാത്തക്കുടം കുഴുപ്പിള്ളി മഠത്തിൽ പറ

---

**വൈകീട്ട് 4.30ന്**

**കൊടികുത്ത്**
ക്ഷേത്രത്തിൽ 11 പ്രദക്ഷിണത്തിനുശേഷം കൊടിക്കുത്തുന്നു.
**സ്ഥലം : ചാത്തക്കുടം ക്ഷേത്രം**

# പൂരം ചടങ്ങുകൾ ചിത്രങ്ങളിലൂടെ...



പൂരം കൊടിയേറ്റം



ചമയദ്രവ്യ സമർപ്പണം



തിരുവാതിര പുറപ്പാട്



ദേശമംഗലം അവണാവ് മനയ്ക്കൽ ഇറക്കിപൂജ



എടക്കുന്നി തെക്കിനിയേടത്ത് മനയ്ക്കൽ പറ



മരത്താക്കര ചാലിടൽ-പറ



തൈക്കാട്ടുശ്ശേരി പൂരം കൂട്ടി എഴുന്നെള്ളിപ്പ്



ചാത്തക്കുടം പുണർതം ദേവസംഗമം



നറുകുളങ്ങര ആറാട്ട്



ചക്കംകുളങ്ങര പുണർതം വിളക്ക്



പെരുവനം പൂരം-നറുകുളങ്ങരയിൽ നിന്നുള്ള എഴുന്നെള്ളിപ്പ്

# പൂരം ചടങ്ങുകൾ ചിത്രങ്ങളിലൂടെ...



പെരുവനം പൂരം ചാത്തക്കുടം ശാസ്താവ്
തൊട്ടിപ്പാൾ ഭഗവതി



പെരുവനം പൂരം ഊരകത്തമ്മതിരുവടി,
ചാത്തക്കുടം ശാസ്താവ്



ഊരകത്തമ്മതിരുവടി
ചാത്തക്കുടം ശാസ്താവ് ഉപചാരം



ചാത്തക്കുടം ശാസ്താവിന്റെ പിടിക്കപ്പറമ്പ് പൂരം



ചാത്തക്കുടം ശാസ്താവ്
പിടിക്കപ്പറമ്പ് നിലപാട് തറയിൽ



ചാത്തക്കുടം ശാസ്താവും
ഊരകത്തമ്മതിരുവടിയും
നിലപാട് തറയിൽ



പിടിക്കപ്പറമ്പ് ആനയോട്ടം



പാഴായി കോട്ടിൽ
അവാട്ടിൽ പറ



കിഴുട്ടുകര കടലായി നെയ്യിൽ ഇറക്കിപൂജ



ചാത്തക്കുടം ശാസ്താവും
ആറാട്ടുപുഴ ശാസ്താവും
തൊട്ടിപ്പാൾ ഇടവഴി പൂരം



ചാത്തക്കുടം ശാസ്താവും
തൊട്ടിപ്പാൾ ഭഗവതിയും ഉപചാരം



ആറാട്ടുപുഴ പൂരം തുടങ്ങുവാൻ ചാത്തക്കുടം ശാസ്താവ്
ആറാട്ടുപുഴ ശാസ്താവിന് അനുവാദം നൽകുന്നു.

# പൂരം ചടങ്ങുകൾ ചിത്രങ്ങളിലൂടെ...


ആറാട്ടുപുഴ പൂരം ചാത്തക്കുടം ശാസ്താവ്
തൊട്ടിപ്പാൾ ഭഗവതി


ചാത്തക്കുടം ശാസ്താവ്, ആറാട്ടുപുഴ ശാസ്താവ്,
എടക്കുന്നി ഭഗവതി - പട്ടണിശംഖ്


നിലപാടുതറയിൽ
ചാത്തക്കുടം
ശാസ്താവ്


വൈകുണ്ഠദർശനം-കൂട്ടിഎഴുന്നെള്ളിപ്പ് (തൃപ്രയാർ തേവർ, ചാത്തക്കുടം ശാസ്താവ്, ഊരകത്തമ്മതിരുവടി, ചേർപ്പ് ഭഗവതി)


ചാത്തക്കുടം, തിരുവുള്ളക്കാവ് ശാസ്താക്കന്മാർ
ഒരേ ആനപ്പുറത്ത്


പെരുവനം തൊടുകളം-ചാത്തക്കുടം ശാസ്താവ്
തിരുവുള്ളക്കാവ് ശാസ്താവ് അഭിമുഖമായി


പെരുവനം പകൽപൂരം


തിരുവുള്ളക്കാവ് ക്ഷേത്രം കൊടികുത്ത്


കുഴുപ്പിള്ളി മഠത്തിൽ
പറ


ചാത്തക്കുടം അത്തം കൊടികുത്ത്

ചാത്തക്കുടം ശാസ്താവിന്റെ 1443–ാമത് പെരുവനം ആറാട്ടുപുഴ പൂരം



# ചാത്തക്കുടം
# ശ്രീ ധർമ്മശാസ്താ പുരസ്ക്കാരം 2025
## ശ്രീ പെരുവനം ശങ്കരനാരായണൻ മാരാർക്ക്

ഈ വർഷത്തെ ചാത്തക്കുടം ശ്രീധർമ്മശാസ്താ പുരസ്കാരം പെരുവനം–ആറാട്ടുപുഴ പൂരങ്ങളിലെ നിറ സാന്നിദ്ധ്യമായ ശ്രീ. പെരുവനം ശങ്കരനാരായണൻ മാരാർക്ക് നൽകി ആദരിയ്ക്കുവാൻ ചാത്തക്കുടം ഉത്സവാഘോഷ കമ്മിറ്റി തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചുകൊള്ളട്ടെ. ശ്രീ ധർമ്മശാസ്താവിന്റെരൂപം ആലേഖനം ചെയ്ത സുവർണ്ണമുദ്രയും പ്രശസ്തിപത്രവും ഉപഹാരവും അടങ്ങുന്നതാണ് ശ്രീ ധർമ്മശാസ്താ പുരസ്കാരം.

മേളം, തായമ്പക, പഞ്ചവാദ്യം, കൊട്ടിപ്പാടി സേവ തുടങ്ങി എല്ലാ ക്ഷേത്ര വാദ്യകലകളിലും അപൂർവ്വങ്ങളായ ക്ഷേത്ര ചടങ്ങുകളിലും അസാമാന്യമായ പ്രാവീണ്യം തെളിയിച്ച അദ്ദേഹം കഴിഞ്ഞ ഇരുപത്തയെട്ടു വർഷക്കാലമായി ചാത്തക്കുടം ശാസ്താവിന്റെ പൂരങ്ങളിലെ സഹപ്രമാണിയാണ്. കലശം പോലുള്ള മഹത്തായ ചടങ്ങുകളിലും, മണ്ഡലകാലത്തെ ശീവേലികളിലും ചാത്തക്കുടത്തെ നിറസാന്നിദ്ധ്യമാണ് ശ്രീ. പെരുവനം ശങ്കരനാരായണൻ മാരാർ.

ഏകദേശം നാലു പതിറ്റാണ്ടോളമായി മുടങ്ങിക്കിടന്നിരുന്ന ചാത്തക്കുടം ക്ഷേത്രത്തിലെ മണ്ഡലകാല മഹോത്സവം സംബന്ധിച്ച ചടങ്ങുകൾ യശശ്ശരീരനായ ചാത്തക്കുടം കാരേക്കാട്ട് മാരത്തു നാരായണൻ കുട്ടിമാരാരുടെ പക്കൽ നിന്നും സശ്രദ്ധം സ്വായത്തമാക്കി. 2011ൽ ക്ഷേത്രത്തിൽ മണ്ഡലകാലം പുനരാരംഭിക്കുന്നതിൽ ശ്രീ. ശങ്കരനാരായണൻ മാരാർ സുസ്ത്യർഹമായ പങ്കുവഹിച്ചു. കൂടാതെ മുടങ്ങി കിടന്നിരുന്ന പൂരക്കാലത്തെ സവിശേഷവും അപൂർവ്വവുമായ വലിയ പാണി പുനരാരംഭിക്കുവാൻ മുൻകൈ എടുത്തതും ശങ്കരനാരായണ മാരാർ തന്നെ.

അതീവവിനയം മുഖമുദ്രയായുള്ള ഈ കലാകാരൻ ക്ഷേത്രാചാരങ്ങളിലും ചടങ്ങുകളിലും നേടിയെടുത്ത അറിവും പ്രാവീണ്യവും കൊണ്ടു തന്നെ ഇക്കാര്യങ്ങളുടെയൊക്കെ കാവലാളായാണ് നമ്മൾക്കിടയിൽ നിറഞ്ഞുനിൽക്കുന്നത്. പാരമ്പര്യമായിക്കിട്ടിയതിനെ പരിപോഷിപ്പിക്കാനും പ്രചരിപ്പിക്കാനും അദ്ദേഹം കാണിച്ച ആത്മാർപ്പണമാണ് മലയാള നാടിനപ്പുറത്തേയ്ക്കും പടർന്നുപന്തലിച്ചുകിടക്കുന്ന ആയിരക്കണക്കിനുള്ള ശിഷ്യസമ്പത്ത് അദ്ദേഹത്തിന് നേടിക്കൊടുത്തത്. മാത്രമല്ല പെരുവനം ആറാട്ടുപുഴ പൂരങ്ങളിലും മറ്റു പ്രസിദ്ധങ്ങളായ ഉത്സവങ്ങളിലും മേളങ്ങളിലെ മുൻനിര കയ്യാളുന്ന അദ്ദേഹത്തിന്റെ ശിഷ്യരുടെ പ്രാതിനിധ്യം ശങ്കരനാരായണ മാരാർ എന്ന ഗുരുനാഥന്റെ പ്രാമുഖ്യം നമുക്ക് മനസ്സിലാക്കിത്തരുന്നു. അതിനു നന്ദി സൂചകമായി മേളാസ്വാദകരും നാട്ടുകാരും ശിഷ്യന്മാരും ചേർന്ന് പെരുവനത്തുവെച്ചുതന്നെ 'മേള ദ്രോണാചാര്യ പുരസ്കാരം' അദ്ദേഹത്തിനു ഗുരുദക്ഷിണയായി സമർപ്പിക്കുകയുണ്ടായി.

കഴിഞ്ഞ കുറെ വർഷങ്ങളായി ശ്രീ ശങ്കരനാരായണൻ മാരാർ കേരളത്തിന് അകത്തും പുറത്തുമായി നിരവധിയാളുകളെ മേളം അഭ്യസിപ്പിക്കുന്നതോടൊപ്പം പേരുകേട്ട മേളങ്ങൾക്കു നേതൃസ്ഥാനവും അലങ്കരിച്ചുപോരുന്നു. പെരുവനം ആറാട്ടുപുഴ പൂരങ്ങളിൽ കടലാശ്ശേരി പിഷാരിക്കൽ ഭഗവതിയുടെ പ്രമാണിയായ ആദ്ദേഹം കഴിഞ്ഞ 20 വർഷമായി ഊരകത്തമ്മതിരുവടിയുടെ മേളങ്ങൾക്കും സഹപ്രമാണിയാണ്. അതോടൊപ്പം തായംകുളങ്ങര, വെളിയന്നൂർ, മനക്കൊടി അയ്യപ്പൻകാവ്, നമ്പോർക്കാവ് ഭഗവതി ക്ഷേത്രം എന്നിങ്ങനെ തുടങ്ങി നിരവധി ക്ഷേത്രങ്ങളിലെ അടിയന്തിര ചുമതലകൾ കൂടി നിർവ്വഹിച്ചു പോരുന്നു.



ഇക്കാലയളവിൽ പെരുവനത്തെ തായംകുളങ്ങര ക്ഷേത്രത്തിൽനിന്നും 'സോപാന സംഗീത പ്രതിഭ' പുരസ്കാരവും കടലാശ്ശേരി പിഷാരിക്കൽ ക്ഷേത്രത്തിൽനിന്നും 'വിഷഹാരിണി' പുരസ്കാരവും ബാംഗ്ലൂർ കലാവാദ്യം അക്കാദമിയുടെ 'മേളകലാനിധി ' പുരസ്കാരവും അദ്ദേഹത്തിന് സമ്മാനിയ്ക്കപ്പെട്ടിട്ടുണ്ട്.

1967 ഡിസംബർ 21 നു പെരുവനത്തു മാരാത്ത് സൗദാമിനി മാരസ്യാരുടേയും രാമങ്കണ്ടത്ത് മാരാത്ത് പരമേശ്വരൻ മാരാരുടെയും പുത്രനായി ജനിച്ച ശ്രീ. പെരുവനം ശങ്കരനാരായണൻ മാരാർ സ്കൂൾ വിദ്യാഭ്യാസം മുതൽക്കേ കുമരപുരം അപ്പുമാരാരിൽ നിന്ന് ക്ഷേത്രകലകൾ സ്വായത്തമാക്കി. പിന്നീട് ചക്കംകുളം അപ്പുമാരാരിൽനിന്നും കൊട്ടിപ്പാടി സേവയും പെരുവനം സതീശൻമാരാരിൽനിന്ന് തായമ്പകയും വയലൂർ ഉണ്ണി മാരാരിൽനിന്ന് സവിശേഷമായ മരപ്പാണിയും അഭ്യസിച്ചു.

നെട്ടിശ്ശേരി പരിയാരത്ത് മാരാത്തെ ഗീതയാണ് സഹധർമ്മിണി. മകൻ ശരത് എസ്. മാരാർ ബാംഗ്ലൂരിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു.

വാദ്യലോകത്തിലെ സ്തുത്യർഹമായ സേവനത്തോടൊപ്പം അദ്ദേഹം 2001 മുതൽ 2016 വരെ ചേർപ്പ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തായംകുളങ്ങരയിൽ 25 വർഷക്കാലമായി നടത്തിവരുന്ന മെഗാബൈറ്റ് കമ്പ്യൂട്ടർ ട്രെയിനിങ് സെന്ററിന്റെ സ്ഥാപകനും കൂടിയാണ് ശ്രീ. പെരുവനം ശങ്കരനാരായണൻ മാരാർ.

വർഷങ്ങളോളമായി വിശ്രമമില്ലാതെ എണ്ണിയാലൊടുങ്ങാത്ത ശിഷ്യസമ്പത്തിനോടൊപ്പവും സ്വകുടുംബത്തോടൊപ്പവും സേവനാർപ്പണ മനോഭാവത്തോടെ വാദ്യകലയെ ഹൃദയത്തിലേറ്റിക്കൊണ്ട് സഞ്ചരിക്കുന്നതോടൊപ്പം സന്തുഷ്ട ജീവിതവും നയിച്ചു പോരുന്ന അദ്ദേഹത്തിനു മേളകലാരംഗത്തു ഇനിയും ഉന്നതസ്ഥാനങ്ങൾ കീഴടക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

പുരസ്കാരത്തിനുള്ള മുഴുവൻ ചിലവും വഴിപാടായി സമർപ്പിക്കുന്നത് : യശഃശ്ശരീരനായ പൈങ്കുളം ദാമോദര ചാക്യാരുടെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ



G. Vijayakumar
Mob : 8157900289

# S.D.S. TRADERS

Little Flower Complex, Thiruvullakkavu East Nada
Mob : 8157900289
GSTIN : 32AFMPV6284Q1ZE



BATHROOM FITTINGS, ELECTRICAL
PVC PIPE & FITTINGS, SANITARY





# KAMALA
## SHEET METALS

- CNC CUTTING
- LASER CUTTING - 3KW
- 20MM MS | SS & BRASS
- PIPE CUTTING 200 DIA - 6 MTR

MANUFACTURING
ELECTRICAL BOX & ELECTRONICS BOX
ALL SHEET METAL COMPONENTS

7902 705 768 | 7356 795 768 | 9249 386 140
PUZHAKKAL VYAVASAYA SAMUCHAYAM



## അരങ്ങത്ത്

| | |
|---|---|
| പഞ്ചാരിമേളം പ്രമാണം | : **ശ്രീ. പെരുവനം പ്രകാശൻ മാരാർ** |
| ഉരുട്ടുചെണ്ട | : പെരുവനം ശങ്കരനാരായണൻ മാരാർ, പരിയാരത്ത് രാജൻ മാരാർ, ശങ്കരംകുളങ്ങര രാധാകൃഷ്ണൻ, ചെറുശ്ശേരി ശ്രീകുമാർ, മായന്നൂർ ഗോപാലകൃഷ്ണൻ, കലാമണ്ഡലം ഹരീഷ്, കോടന്നൂർ ഹരി മുതൽപേർ |
| വലംതല | : **സർവ്വശ്രീ പള്ളിപ്പുറം ജയൻ**, വൈലൂർ സുകുമാരൻ, തിരുവാങ്കുളം രഞ്ജു, പോറാത്ത് ഉണ്ണിമാരാർ, കല്ലേറ്റുംകര അജിത്, കൊടകര അനീഷ്, തൊറവ് സുരേഷ്, കാറളം അനൂപ്, തലോർ ഗോകുൽ മുതൽപേർ |
| കുറുംകുഴൽ | : **സർവ്വശ്രീ. കൊമ്പത്ത് അനിൽകുമാർ**, ഇഞ്ചമുടി ഹരിഹരൻ, ഊരകം സന്തോഷ്, ഊരകം ജിനേഷ്, ഊരകം അജിലേഷ്, ഊരകം അജയൻ, ഊരകം സുരേഷ്, ഊരകം അനൂപ്, തൊട്ടിപ്പാൾ ദിനേശൻ, മുതൽ പേർ |
| ഇലത്താളം | : **സർവ്വശ്രീ കല്ലൂർ രഘു**, തുറവ് വിജയൻ, തൃക്കപുരം സനോജ്, കീനൂർ ഉണ്ണിക്കുട്ടൻ, ആനന്ദപുരം സജീവൻ,കടലാശ്ശേരി രഞ്ജിത്ത്, മുണ്ടൂർ സനീഷ്, ചാത്തക്കുടം നിരഞ്ജൻ മുതൽപേർ |
| കൊമ്പ് | : **സർവ്വശ്രീ മച്ചാട് മണികണ്ഠൻ**, മച്ചാട് രാമചന്ദ്രൻ, തൃക്കൂർ സജി, മച്ചാട് പത്മകുമാർ, വരവൂർ രാജൻ, മച്ചാട് വേണുഗോപാൽ, വരവൂർ വേണു, കേരളശ്ശേരി കുട്ടൻ മുതൽ പേർ |
| അടിയന്തിരം | : ശ്രീ. കല്ലാറ്റ് ശിവശങ്കരകുറുപ്പ് |
| വലിയപാണി | : ശ്രീ. വയലൂർ ഉണ്ണിമാരാർ |
| കൈവിളക്ക് | : ശ്രീ. കണ്ണംകിഴി വിജയൻ ചാത്തക്കുടം & ശ്രീ. രംഗനാഥൻ പൂങ്കുന്നം |
| ആനപ്പുറം | : ശ്രീ. ബിജു നമ്പൂതിരി കീരംമ്പിള്ളി മന |
| പന്തൽ | : ശ്രീ. പ്രഭാകരൻ വല്ലച്ചിറ |
| ശബ്ദവും വെളിച്ചവും | : അനശ്വര സൗണ്ട്, കടലാശ്ശേരി |
| ചമയം, മിനുക്കു പണി | : ശ്രീ. ജോർജ്ജ് & സൺസ് ഒളരിക്കര, തൃശൂർ |
| ആനകൾ | : ചാത്തക്കുടം ഉത്സവാഘോഷകമ്മറ്റി, കൊച്ചിൻ ദേവസ്വം ബോർഡ് |
| ആനച്ചമയം | : ചാത്തക്കുടം ഉത്സവാഘോഷകമ്മറ്റി & പാറമേക്കാവ് ദേവസ്വം |
| നാദസ്വരം | : ശ്രീ. സതീശൻ വല്ലച്ചിറ & പാർട്ടി |

# ചാത്തക്കുടം പൂരത്തിന്റെ
# മേളപ്രമാണി - പെരുവനം പ്രകാശൻ മാരാർ



വാദ്യകലാരംഗത്തെ വർത്തമാനകാലത്ത് തിളങ്ങുന്ന നക്ഷത്രം ശ്രീ പെരുവനം പ്രകാശൻ മാരാർ 30.9.1967ൽ ജനിച്ചു. മേളകലാ വിചക്ഷണൻ ചക്കംകുളം അപ്പുമാരാരുടേയും പെരുവനം മാരാത്ത് വിശാലാക്ഷി മാരസ്യാരുടെയും അഞ്ചാമത്തെ മകനായിട്ടാണ് പ്രകാശൻമാരാർ ജനിക്കുന്നത്. ചെറുപ്പം മുതലേ അടിയന്തിരാദികാര്യങ്ങളിൽ പിതാവിനും പെരുവനം സതീശൻ മാരാർ അടക്കമുള്ള സഹോദരന്മാർക്കുമൊപ്പം പ്രവർത്തിച്ചുവന്നു. ശ്രീ കുമരപുരം അപ്പുമാരാരുടെ കീഴിൽ തായമ്പക പഠിച്ച് അരങ്ങേറി. ശ്രീ കേരളവർമ്മ കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം പൂർണ്ണസമയ കലാകാരനായി മാറി.

മേളങ്ങളിൽ ചെണ്ടയിലും പഞ്ചവാദ്യത്തിന് ഇടയ്ക്കയിലും ഒരുപോലെ പ്രാവീണ്യം നേടി ശ്രീ പ്രകാശൻമാരാർ.

മധ്യകേരളത്തിലെ ഒട്ടുമിക്ക ക്ഷേത്രോത്സവങ്ങളിലും സജീവസാന്നിധ്യമാണ് ശ്രീ പ്രകാശൻ മാരാർ. (നിരവധി വർഷക്കാലം ഇലഞ്ഞിത്തറ മേളത്തിലും ആറാട്ടുപുഴ പൂരത്തിലും പങ്കാളിയായിരുന്നു.) 30 വർഷത്തിലധികം കാലം ചാത്തക്കുടം ശാസ്താവിന്റെ മേളങ്ങളിലെ നിറസാന്നിധ്യം. തൃപ്പൂണിത്തുറ, ഇരിങ്ങാലക്കുട, എറണാകുളം ക്ഷേത്രോത്സവങ്ങളിലടക്കം നിരവധി മേള അരങ്ങുകളിൽ പ്രമാണിയായിട്ടുള്ള പ്രകാശൻമാരാർ, കേൾവി കേട്ട ചക്കംകുളം ശൈലിയുടെ പ്രയോക്താവായി അറിയപ്പെടുന്നു. 2025ലെ ചാത്തക്കുടം ശ്രീധർമ്മശാസ്താവിന്റെ മേളങ്ങൾക്ക് ശ്രീ. പെരുവനം പ്രകാശൻ മാരാരാണ് പ്രമാണി.

2024 ൽ കലാലോകം അദ്ദേഹത്തെ വീരശൃംഖല നൽകി ആദരിച്ചു. കാലടി ക്ഷേത്ര കലാ ആസ്വാദക സമിതിയുടെ സുവർണ്ണ മുദ്ര, വാദ്യകലാരത്നം പുരസ്കാരം, വാദ്യകലാനിധി ബഹുമതി തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

പോറാത്ത് മാരാത്ത് അജിതയാണ് ഭാര്യ. ഹരി. പി. മാരാർ, ഗോകുൽ പി.മാരാർ എന്നിവർ മക്കളാണ്.

# SANGEETHA HARDWARES

**MAIN ROAD, CHERPU 680561**

**Mob: 9447147380, 9526552840 Land: 0487-2342838, 2347380**




*Authorised stockist for:* ACC, CHETTINAD, RAMCO, SANKER CEMENTS, BERGER PAINTS & VISAKA ACP SHEETS
We were also deals with Plumbing Materials, Steel, Electricals, GP Pipe, GI pipe, AC Pipe, M Sand, Crush metal, Baby metal, Country bricks, Hardwares, Sanitary items, Agriculture implements

ആഘോഷങ്ങൾ ഞങ്ങൾക്ക് വിടൂ...
ടെൻഷൻ ഒഴിവാക്കൂ....

# IVAAN

**EVENTS AND WEDDING HUB**
**VALLACHIRA - THRISSUR**
**SIJO PIDIYATH 9061496583,9961244351**















**STAGE DECORATION**
**CATERING**
**FUSION BAND**
**GANAMELA**
**DJ AND CHENDAMELAM**
**WATER DRUM DANCE**
**DOLL DANCE**
**VERITY ENTERTAINMENT PGRMS**
**WELCOME GIRLS**
**ANCHOR**
**TOLL MEN ETC**

ചലച്ചിത്രപിന്നണി ഗായകരും ചാനൽ റിയാലിറ്റി ഷോ താരങ്ങളും പങ്കെടുക്കുന്ന ഇവാൻ ബീറ്റ്സ് തൃശ്ശൂർ ഒരുക്കുന്ന ഗാനമേള വേദികളിൽ അവതരിപ്പിക്കുന്നു



# ചാത്തക്കുടം

# ശ്രീ ധർമ്മശാസ്താ ക്ഷേത്രം



## ചാത്തക്കുടം ശാസ്താവിന്റെ പെരുവനം ആറാട്ടുപുഴ പൂരം 2024

## വഴിപാടുകൾ സമർപ്പിച്ചത്

**ചാത്തക്കുടം പൂരം സദ്യ**
ശ്രീ. ദിനേശ് വടക്കത്ത്, ചാത്തക്കുടം

**ആനചമയം വക**
ശ്രീമതി അംബുജാക്ഷി അമ്മ, തേലൂർ

**ശ്രീധർമ്മശാസ്താ പുരസ്കാരം 2023**
പൈങ്കുളം ദാമോദര ചാക്യാർ സ്മരണാർത്ഥം കുടുംബാംഗങ്ങൾ

**എഴുന്നെള്ളിപ്പ് ആനയേക്കം (ചാത്തക്കുടം)**
ശ്രീ. രാമചന്ദ്രൻ പഴമ്പിള്ളി, ചാത്തക്കുടം

**എഴുന്നെള്ളിപ്പ് ആനയേക്കം (പെരുവനം)**
ശ്രീ. ബാലചന്ദ്രൻ കാക്കനാട്ട്, ഹൈദ്രബാദ്

**പുഷ്പാലങ്കാരം (തിരുവാതിര പുറപ്പാട്)**
കുമാരി പാർവ്വതി നാരായണൻ, മാറമ്പത്ത് വീട്, ഊരകം

**തിരുവായുധം അകമ്പടി**
ശ്രീ. മാറമ്പത്ത് നാരായണൻകുട്ടി, ഊരകം

**വലിയപാണി (പിടിക്കപ്പറമ്പ് പൂരം)**
ശ്രീ. വിബിൻ വിശ്വനാഥൻ & ശ്രീമതി ഭാരതിയമ്മ, അറക്കൽ വീട്, ചാത്തക്കുടം

**വലിയ പാണി (ഗ്രാമബലി)**
അക്കരക്കാട്ടിൽ ഗോവിന്ദൻകുട്ടി സ്മരണാർത്ഥം

**കോലം നവീകരണം**
ശ്രീ. ശ്രീജിത്ത് നെല്ലിക്കൽ, ചാത്തക്കുടം

**പട്ടുകുട നവീകരണം**
ശ്രീ. വിശ്വനാഥൻ വിശ്വഭവനം, ചാത്തക്കുടം
കുമാരി ഗോപിക മുരളീധരൻ, തേലൂർ, ചാത്തക്കുടം
ശ്രീ. പ്രസാദ് കടവിൽ & ശ്രീ. പ്രദീപ് അറക്കൽ, ചാത്തക്കുടം

**108 കരിക്ക് അഭിഷേകം കൊടിയേറ്റം ദിവസം**
ശ്രീമതി രമ്യ സന്തോഷ്, പെരുന്നെല്ലി വീട്, ചാത്തക്കുടം

**ശ്രീകോവിൽ സമ്പൂർണ്ണ നെയ്യ് വിളക്ക് കൊടിയേറ്റം ദിവസം**
ശ്രീ. രാജൻ ചാത്തപ്പടി, ചാത്തക്കുടം

**ശ്രീകോവിൽ സമ്പൂർണ്ണ നെയ്യ് വിളക്ക് തിരുവാതിര പുറപ്പാട്**
ശ്രീമതി ജ്യോതി ശ്രീജിത്ത്/കൃഷ്ണജിത്ത് & കൃഷ്ണജ, നെല്ലിക്കൽ വീട്, ചാത്തക്കുടം

**പുഷ്പാലങ്കാരം – കൊടിയേറ്റം**
ശ്രീ. സുരേഷ് എടാട്ട്, ചാത്തക്കുടം

**നാദസ്വരം – പെരുവനം പൂരം**
ശ്രീമതി ഉഷ വാസപ്പൻ, ഉഷസ്സ്, ചാത്തക്കുടം

**നാദസ്വരം – പിടിക്കപ്പറമ്പ് ആനയോട്ടം**
ശ്രീ. ഉണ്ണികൃഷ്ണൻ നമ്പ്യാർ, കുഴുപ്പിള്ളി മഠം, ചാത്തക്കുടം

**കോലമാല**
ശ്രീ. കേദാർ വിനീത്, ഇരിമ്പ്രനെല്ലൂർ, മുണ്ടൂർ
ശ്രീമതി രജനി ഷാജിവ്, കുഴുപ്പിള്ളി മഠം, ചാത്തക്കുടം
ശ്രീമതി ശശികല അക്കരക്കാട്ടിൽ, ചാത്തക്കുടം
ശ്രീമതി ശ്രീരേഖ സജീഷ്, നെല്ലിക്കൽ, ചാത്തക്കുടം
ശ്രീ. അഭിലാഷ് ടി.വി., തെക്കൂട്ട്, ചാത്തക്കുടം
ശ്രീ. മുരളീധരൻ വട്ടേക്കാട്ട്, ചാത്തക്കുടം
വിജയൻ തോണിവളപ്പിൽ സ്മരണാർത്ഥം കുടുംബാംഗങ്ങൾ

**ആനമാല**
ശ്രീമതി രുക്മിണി അമ്മ, തേലൂർ, ചാത്തക്കുടം
ശ്രീ. ശ്രീജിത്ത് നെല്ലിക്കൽ, ചാത്തക്കുടം
ശ്രീ. ഉണ്ണികൃഷ്ണൻ നമ്പ്യാർ, കുഴുപ്പിള്ളി മഠം, ചാത്തക്കുടം
ശ്രീമതി ധന്യ അഖിൽ, അന്നാടി, ചാത്തക്കുടം

**കൈവിളക്ക് തുണി**
ശ്രീ. സുന്ദരൻ കണ്ണംകിഴി, കോയമ്പത്തൂർ

**നിറമാല കൊടിയേറ്റം (വൈകീട്ട്)**
ശ്രീമതി ഗീത അച്ചുസ്, വിശാഖം, വല്ലച്ചിറ

**തിരുവാതിര പുറപ്പാട് (രാവിലെ)**
ശ്രീ. മുരളീകൃഷ്ണൻ, വലിയമംഗലത്ത് ഇല്ലം, വല്ലച്ചിറ

**തിരുവാതിര പുറപ്പാട് (വൈകീട്ട്)**
ശ്രീ. മദനമോഹനൻ, കടവിൽ വീട്, കടലാശ്ശേരി
ഗ്രാമബലി ദിവസം വൈകീട്ട് നിറമാല
ആദിത്യ പ്രകാശ് പെരുനെല്ലി, പുണർതം

**ഭക്ഷണം**

**കുറുവേല ഭക്ഷണം**
ശ്രീ. മുരളീധരൻ കാക്കനാട്ട്, ചാത്തക്കുടം
ശ്രീമതി പ്രതിഭ ടീച്ചർ, കോണത്തേടത്ത്, വല്ലച്ചിറ

**പുണർതം**
സി.വി. ഹരിദാസ്, ചാത്തക്കുടത്ത് വാരിയം

**പൂയ്യം**
അക്കരക്കാട്ടിൽ ശിവരാമൻ മേനോൻ സ്മരണാർത്ഥം &
ശ്രീ. മുരളീധരൻ കടവിൽ, ചാത്തക്കുടം

**മകം**
ശ്രീ. എൻ. ജയരാമൻ അക്കരക്കാട്ടിൽ, ചാത്തക്കുടം

**പൂരം**
ശ്രീമതി ലത വാസുദേവൻ, അക്കരക്കാട്ടിൽ, ചാത്തക്കുടം

**തിരുവുടയാട**
മാസ്റ്റർ ഇഷാൻ നമയ, കടവിൽ ചാത്തക്കുടം
ശ്രീ. കിഷോർ കെ, കണ്ണോളി, ഊരകം
കുമാരി ദീപ്ത പി. മേനോൻ, അക്കരക്കാട്ടിൽ, ചാത്തക്കുടം



ചാത്തക്കുടം ശാസ്താവിന്റെ 1443–ാമത് പെരുവനം ആറാട്ടുപുഴ പൂരം

# ചാത്തക്കുടം ശ്രീധർമ്മശാസ്താ ക്ഷേത്രം



# പ്രതിഷ്ഠാദിനം

**1200 കുംഭം 26 (10.3.2025) തിങ്കളാഴ്ച**

രാവിലെ നടതുറപ്പ്, നിർമ്മാല്യദർശനം, 25 കലശം, പഞ്ചഗവ്യം, കളഭം, 9.30ന് ശ്രീഭൂതബലി

വൈകീട്ട് നടതുറപ്പ് ദീപാരാധന 6.30ന് തുടർന്ന് : അത്താഴപൂജ

## ക്ഷേത്രത്തിലെ പ്രധാന ആണ്ടുവിശേഷങ്ങൾ

പ്രതിഷ്ഠാദിനം : 2025 മാർച്ച് 10 തിങ്കളാഴ്ച

ഇല്ലം നിറ : 2025 ജൂലായ് 27 ഞായറാഴ്ച

പുത്തരി നിവേദ്യം : 2025 സെപ്തംബർ 4 വ്യാഴാഴ്ച

നവരാത്രി : 2025 സെപ്തംബർ 22 മുതൽ ഒക്ടോബർ 2 വരെ

മണ്ഡലകാല ശീവേലി : 2025 നവംബർ 17 മുതൽ ഡിസംബർ 26 വരെ

എല്ലാ മലയാള മാസത്തിലെ പൂയ്യം നാളിൽ തന്ത്രിപൂജയും, പ്രസാദഊട്ടും ഉണ്ടായിരിക്കുന്നതാണ്.

## വഴിപാട് വിവരം

| | |
|---|---|
| അർച്ചന | 12 |
| സ്പെഷ്യൽ അർച്ചന | 36 |
| സാരസ്വതാർച്ചന | 50 |
| നെയ്യ് വിളക്ക് | 16 |
| എള്ള് കിഴി | 10 |
| മാല | 15 |
| കൂവളമാല, കറുകമാല | 25 |
| ജലധാര | 25 |
| മാലപൂജ | 25 |
| ധാര | 60 |
| ശംഖാഭിഷേകം | 120 |
| ആടിയ എണ്ണ | 50 |
| ഗണപതിഹോമം | 90 |
| നെയ്യ്പായസം | 100 |
| പാൽപായസം | 100 |
| സ്പെഷ്യൽ നെയ്യ് പായസം | 180 |
| ഒറ്റയപ്പം | 90 |
| അട 1 കൂട്ട് | 1680 |
| അട 1/2 കൂട്ട് | 1080 |
| അട നിവേദ്യം | 120 |
| ദിവസപൂജ | 720 |
| ദിവസപൂജ (കൃഷ്ണന്) | 170 |
| ഭഗവത് സേവ | 120 |
| ബ്രഹ്മരക്ഷസ്സ് പൂജ | 120 |
| ശനീശ്വരപൂജ | 205 |
| തൃകാലപൂജ | 220 |
| നിറമാല | 900 |
| നിറമാല ചെറുത് | 600 |
| പാലഭിഷേകം | 60 |
| ഇളനീരഭിഷേകം | 40 |
| നെയ്യഭിഷേകം | 460 |
| ഭസ്മാഭിഷേകം | 180 |
| സമ്പൂർണ്ണ നെയ്യ് വിളക്ക് | 1500 |
| 1 കുടം പാൽപായസം | 1280 |
| ചോറൂണ് | 120 |
| നീരാഞ്ജനം | 60 |
| വിവാഹം | 600 |
| വിദ്യാരംഭം | 60 |
| വാഹനപൂജ ഇരുചക്രം | 300 |
| നാലുചക്രം | 360 |
| ചന്ദനം ചാർത്ത് | 900 |
| വെള്ളനിവേദ്യം | 30 |
| കെടാവിളക്ക് | 85 |
| അപ്പം | 480 |
| ഉദയാസ്തമനപൂജ | 15600 |
| എണ്ണയാടൽ | 360 |



ചാത്തക്കുടം ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ
ഭക്തരുടെ ചിരകാല സ്വപ്നമായ
**കിഴക്കേ നടപ്പുര നിർമ്മാണ മാതൃക**

# RMR FLOWERS

**WHOLESALE &RETAIL**
**DAY NIGHT SERVICE**

DHARMODAYAM BUILDING, PALACE ROAD, THRISSUR

G Pay **PH : 0487 2338638, 2321221**

**7736522212**

പൂമാല, ബൊക്ക, കാർ ഡെക്കറേഷൻ,
വിവിധതരം സ്റ്റേജ് ഡെക്കറേഷനുകൾ തുടങ്ങിയവ
മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടെ
ചെയ്തു കൊടുക്കുന്നു.










വല്ലച്ചിറ
സർവ്വീസ് സഹകരണ സംഘം
ക്ലിപ്തം നമ്പർ - 527 , H.O.വല്ലച്ചിറ
ഫോൺ : 9656 342328
വല്ലച്ചിറ സർവ്വീസ് സഹകരണ സംഘം
സഹകരണ പ്രസ്ഥാനം നാടിന്റെ പുരോഗതിക്ക
കോർബാങ്കിംഗ്
RTGS/NEFT
സൗകര്യം
GOLD LOAN
പലിശ പണയം നിന്ന ദിവസത്തേയ്ക്ക് മാത്രം
5% മുതൽ 25% വരെ വിലക്കുറവിൽ
ഇംഗ്ലീഷ് മരുന്നുകൾ ലഭിക്കുന്നു.
നീതി
മെഡിക്കൽ സ്റ്റോർ
ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിനു സമീപം
വല്ലച്ചിറ & ചാത്തക്കുടം റോഡ് വല്ലച്ചിറ
നീതി
മെഡിക്കൽ ലാബ്
ചാത്തക്കുടം റോഡ് വല്ലച്ചിറ
വല്ലച്ചിറ സർവ്വീസ് സഹകരണ സംഘം കടലാശ്ശേരി ബ്രാഞ്ച്
വല്ലച്ചിറ സർവ്വീസ് സഹകരണ സംഘം എക്സ്റ്റൻഷൻ കൗണ്ടർ
ഉങ്ങിൻചുവട് സെന്റർ, ചെറുശ്ശേരി
പ്രസിഡണ്ട്
സി.ബി.ഹരിദാസ്
സെക്രട്ടറി ഇൻ ചാർജ്ജ്
ടി.ബൈജു
Krishna Vyloor. Ph : 9895319917